**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1969** **09-12-2022 - ൽ മറുപടിയ്ക്ക്**

**സർവകലാശാലകളിലെ വൈസ് ചാൻസലർമാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സർവകലാശാലകളിലെ വൈസ് ചാൻസലർമാരുടെ നിയമനം സംബന്ധിച്ച് സുവ്യക്തമായ ചട്ടങ്ങളും യു.ജി.സി. റെഗുലേഷനുകളും നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. സർവകലാശാലകളിൽ നടത്തിയിട്ടുള്ള നിയമനങ്ങളെല്ലാം സർവകലാശാലാ ചട്ടങ്ങളും യു.ജി.സി. റെഗുലേഷനുകളും പാലിച്ചുകൊണ്ടാണ് നടത്തിയിരിക്കുന്നത്. |
| (ബി) | സർവകലാശാലകളിൽ നടത്തിയിട്ടുള്ള നിയമനങ്ങളെല്ലാം പ്രസ്തുത ചട്ടങ്ങളും റെഗുലേഷനുകളും പാലിച്ച കൊണ്ടാണോയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ചട്ടങ്ങളും റെഗുലേഷനുകളും വ്യക്തമാക്കുന്നതെന്താണെന്ന് വിശദമാക്കുമോ; | (ബി) | (എ)-യിൽ നൽകിയിരിക്കുന്നു. |
| (സി) | നിലവിലെ ചട്ടങ്ങളും റെഗുലേഷനുകളും ലംഘിച്ച് കൊണ്ടുള്ള നിയമനങ്ങൾ ആണോ പ്രസ്തുത മേഖലയിൽ നടന്നിട്ടുള്ളതെന്ന് പരിശോധിക്കുമോ; | (സി) | (എ)-യിൽ നൽകിയിരിക്കുന്നു. |
| (ഡി) | സർക്കാരും ഗവർണറും തമ്മിലുണ്ടായ തർക്കമാണ് പ്രസ്തുത മേഖലയിലെ നിലവിലുള്ള പ്രതിസന്ധിക്ക് കാരണമെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ഡി) | ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിലവിൽ പ്രതിസന്ധികൾ ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ഇത്തരം നിലപാട് വിദ്യാർത്ഥികളുടെ ഭാവിയെ പ്രതികൂലമായി ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് പരിഹാര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഇ) | (ഡി)-യിൽ നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ